224/18

ഭരണഭാഷ – മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ വകുപ്പ്മൂന്നാം നില ,
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഇ22-8961/GL/2018/സിഇ/തസ്വഭവ** **തീയതി. 21/07/2018**

# സർക്കുലർ

വിഷയം : തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - പ്രൊബേഷൻ, കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പണം - സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഗസറ്റഡ് തസ്തികയിൽ / ഗസറ്റഡ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കാൻ സാദ്ധ്യതയുള്ള ജീവനക്കാർ അവരവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ എല്ലാ കലണ്ടർ വർഷവും തങ്ങളുടെ നിയന്ത്രണാധികാരികളിൽ നിന്നും യഥാവിധി കൈപ്പറ്റി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാക്കേണ്ടതും, പ്രൊബേഷൻ ഡിക്ലറേഷനുള്ള അപേക്ഷകൾ യഥാവിധി പ്രൊബേഷൻ കാലം പൂർത്തീകരിക്കുന്ന മുറയ്ക്കും (വകുപ്പുതല യോഗ്യതാ പരീക്ഷകൾ പാസാകേണ്ടവർ പാസായ വിവരം ഉൾപ്പെടെ) ചീഫ് എഞ്ചിനീയറുടെ ഓഫീസിലും എത്തിക്കേണ്ടതാണ്.

ഇവയോടനുബന്ധിച്ച് നൽകുന്ന Self appraisal-ൽ ചുവടെ സൂചിപ്പിക്കുന്ന വിവരങ്ങൾ കൂടി രേഖപ്പെടുത്തി സ്വയം സാക്ഷ്യപ്പെടുത്തേണ്ടതാണ്.

1) ശിക്ഷണ / അച്ചടക്ക നടപടിയുടെ വിവരം
2) തന്നിൽ നിക്ഷിപ്തമായ പ്രവൃത്തികളിൽ കൈവരിച്ച നേട്ടം
3) മുൻ വർഷത്തെ പദ്ധതി പ്രവർത്തനങ്ങളിൽ, തന്നാണ്ട് പദ്ധതി പ്രവർത്തനങ്ങളിൽ എത്ര ശതമാനം തുക ചെലവഴിക്കപ്പെട്ടു.

ഈ വിവരങ്ങൾ രേഖപ്പെടുത്തിയ Self appraisal-ലോട് കൂടിയ Confidential Report / പ്രൊബേഷൻ അപേക്ഷകൾ മാത്രമേ നിയന്ത്രണാധികാരികൾ ചീഫ് എഞ്ചിനീയർ ഓഫീസിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാവൂ. തന്റെ നിയന്ത്രണത്തിൽ വരുന്ന എല്ലാ ജീവനക്കാരുടെയും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ യഥാകാലം നൽകി എന്ന് എല്ലാ നിയന്ത്രണാധികാരികളും തങ്ങളുടെ Self appraisal വിവരത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും നിയന്ത്രണാധികാരികളും കർശനമായി പാലിക്കേണ്ടതാണ്. മേൽ നിർദ്ദേശം പാലിക്കാത്ത ജീവനക്കാർ / നിയന്ത്രണാധികാരികൾ എന്നിവർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

P 963